# ദി ഡിഫെൻഡർ

Vol. No. 8 Issue No. 16 RNI Reg. No. 68089 / 97 Published From Perumbavoor 2005 AUGUST 16


# ശാരോൻ വീണ്ടും കള്ള കാവിയറ്റ് കൊടുത്തു



ടി.ജി.കോശി



ടി.പി.ഏബ്രഹാം



പി.ജി.ജേക്കബ്



സി.വി.ജോൺ

ശാരോൻ നേതാക്കളായ ടി.ജി.കോശി, ടി.പി.ഏബ്രഹാം. പി.ജി.ജേക്കബ്, സി.വി.ജോൺ എന്നിവർ ചേർന്ന് മൂന്നാംവട്ടം പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ കള്ളക്കാവിയറ്റ് കൊടുത്തു. ആഗസ്റ്റ് 15ന് നടക്കുന്ന പൊതുസഭാമണ്ഡലം, 16ന് നടക്കുന്ന ജനറൽ ബോഡി എന്നിവയ്ക്കെതിരെ നിരോധനാജ്ഞ ഉണ്ടാകാതിരിക്കാനാണ് കാവിയറ്റ് കൊടുത്തത്.

ടി.എസ്.ബാലനോ പെരുമ്പാവൂർ ശാരോൻ സഭയിലുള്ള മറ്റാരെങ്കിലുമോ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ നിന്ന് മേല്പറഞ്ഞ സമ്മേളനങ്ങൾക്കെതിരെ നിരോധനാജ്ഞ നേടിയേക്കുമെന്ന് ശാരോൻ നേതാക്കൻമാർ ഭയപ്പെടുന്നു. എന്നാൽ ടി.എസ്.ബാലനോ പെരുമ്പാവൂർ ശാരോൻ സഭയിലെ ഏതെങ്കിലും അംഗത്തിനെതിരേയോ കാവിയറ്റ് എടുക്കാനുള്ള ധൈര്യം ശാരോൻ നേതാക്കൻമാർക്കില്ല. അതുകൊണ്ടാണ് പാണംകുഴി സഭയിലെ സ്ഥിരം പ്രശ്നക്കാരും ശാരോൻ നേതാക്കൻമാരുടെ ആജ്ഞാനുവർത്തികളുമായ ടി.ടി.കുര്യാക്കോസ്, ടി.ടി.ജോസഫ് എന്നിവർക്കെതിരെ കാവിയറ്റ് എടുത്തിരിക്കുന്നത്. ഇവരോ, ഇവരുടെ പ്രേരണയാൽ മറ്റാരെങ്കിലോ കേസ്സുമായി വരുമെന്നാണ് കാവിയറ്റിൽ പറയുന്നത്. (5-ാം പേജ് നോക്കുക). ശാരോനെതിരെ കേസ്സുമായി ഈ കോടതിയിൽ ആരു ചെന്നാലും ശാരോൻ നേതാക്കൻമാരുടെ അറിവുകൂടാതെ നിരോധന ഉത്തരവ് വരാതിരിക്കാനുള്ള തന്ത്രമാണിത്. നോട്ടീസ് ടി.ടി.ജോസഫിനും ടി.ടി.കുര്യാക്കോസിനും മാത്രമേ കിട്ടുകയുള്ളൂ. അതുകൊണ്ട് ടി.എസ്.ബാലനും മറ്റും ഇതൊന്നും അറിയുകയില്ല എന്നു കരുതിയാണ് ഇങ്ങനെ ചെയ്തത്.

ശാരോൻ നേതാക്കൻമാരുടെ ശിങ്കിടികളായ ജോസഫിന്റെയും തോമസിന്റേയും പേരിൽ രണ്ടാം വട്ടമാണ് ഇപ്രകാരം കള്ള കാവിയറ്റ് എടുക്കുന്നത്. രണ്ടു പാസ്റ്റർമാരെ കരുവാക്കി എടുത്ത കാവിയറ്റ് അടക്കം മൂന്ന് കള്ളകാവിയറ്റുകളാണ് പരമ വിശുദ്ധൻമാരായ ശാരോൻ നേതാക്കൻമാർ നാളിതുവരെ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ നിന്നും എടുത്തിട്ടുള്ളത്. (ഈ പുണ്യാളൻമാർ ജനിക്കാതിരുന്നെങ്കിൽ അവർക്ക് നന്നായിരുന്നു എന്നല്ലാതെ ഡിഫെൻഡറിന് ഒന്നും പറയാനില്ല).

## നാണമില്ലേ ടി.ജി.കോശീ?

പച്ചക്കള്ളം കോടതിയിൽ എഴുതി കൊടുത്തപ്പോൾ ടി.ജി.കോശിക്ക് അല്പംപോലും നാണം തോന്നിയിരിക്കില്ല. അത്ര കട്ടിയാണ് ഈ മഹാവിശുദ്ധന്റെ തൊലിക്ക്.

പ്രസംഗിക്കാൻ സ്റ്റേജിൽ കയറിയാൽ ടി.ജി.കോശി എന്ന ഭോഷ്ക്കിന്റെ പുത്രൻ കരഞ്ഞു പോകും. അത്രയ്ക്കുണ്ട് ദൈവസ്നേഹം. പക്ഷേ, സ്റ്റേജിൽ നിന്ന് ഇറങ്ങിയാൽ പരമ നീചൻമാർ പോലും ചെയ്യാൻ അറയ്ക്കുന്ന വൃത്തികേടുകൾ ചെയ്യും.

ശാരോൻ ഫെലോഷിപ്പിന്റെ എത്രകോടി രൂപ ഈ കള്ളൻ തട്ടിയെടുത്തിട്ടുണ്ടെന്നതിന് കണക്കില്ല. ദൈവവേല ചെയ്യാനുള്ള ആർത്തിയുമായി മണക്കാലയിൽ എത്തിയ നൂറുകണക്കിന് യുവതീയുവാക്കളുടെ കണ്ണുനീർ ഇയാളുടെ ബൈബിൾ കോളേജിൽ വീണിട്ടുണ്ട്. തിരുവായ്ക്ക് എതിർവായ് പറയാൻ ധൈര്യമില്ലാത്ത ആ പാവങ്ങളുടെ ശാപം ഇയാളുടെ പത്തു തലമുറ കഴിഞ്ഞാലും നിലനിൽക്കും.

ഗർഭഛിദ്രം വരെ നടത്തിയ ഈ നീചന് കോടതിയിൽ കള്ള കാവിയറ്റ് കൊടുക്കുന്നത് നിസ്സാരമായ കാര്യമാണെന്നറിയാം. എങ്കിലും ചോദിക്കട്ടെ, കോടതിയിൽ ഇത്രവലിയ കള്ളം എഴുതിക്കൊടുക്കുമ്പോൾ നിങ്ങൾക്ക് അല്പം പോലും ലജ്ജ തോന്നിയില്ലേ കോശീ?

## മലാഖിയുടെ പ്രവചനം സാത്താന്യം

മലാഖിയുടെ പ്രവചനം എന്നത് ബൈബിളിലെ മലാഖി പ്രവചനമല്ല എന്ന് പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ. വിശുദ്ധ മലാഖി എന്ന പേരിൽ അറിയപ്പെടുന്ന ഒരാളുടെ പ്രവചനത്തേക്കുറിച്ചാണ് ഇവിടെ പറയുന്നത്.

ആഗസ്റ്റ് ലക്കം ക്രൈസ്തവ ചിന്തയിൽ ഉജാഗിർസിംഗ് ടെന്നിസി എന്ന ആൾ എഴുതിയ "2026ൽ കത്തോലിക്കാസഭയ്ക്ക് നാശം ഭവിക്കുമെന്ന് അയർലണ്ടുകാരനായ മലാഖി" എന്ന ലേഖനമാണ് ഈ കുറിപ്പ് എഴുതാൻ വഴിവെച്ചത്. കാള പെറ്റെന്നു കേട്ട് കയർ എടുക്കുന്നതിന് നല്ല ഉദാഹരണമാണ് ഉജാഗിർസിംഗിന്റെ ലേഖനം. പ്രസംഗിക്കാൻ വിഷയം കിട്ടാതെ വിഷമിച്ചിരുന്നവർക്ക് നല്ല ഒരു വിഷയം കിട്ടി.

ആരാണ് വിശുദ്ധ മലാഖിയെന്ന് ആദ്യമായി പറയാം. 1094ൽ അയർലന്റിൽ ജനിക്കുകയും 1148ൽ മരിക്കുകയും ചെയ്ത ഒരു ആർച്ച് ബിഷപ്പാണ് വിശുദ്ധ മലാഖി. 25-ാം വയസ്സിൽ കത്തോലിക്കാ പുരോഹിതനായ മലാഖി 41-ാം വയസ്സിലാണ് ആർച്ച് ബിഷപ്പായത്. അദ്ദേഹം നടത്തിയതായി പറയപ്പെടുന്ന പ്രവചനങ്ങളുടെ പേരിലാണ് മലാഖി പ്രസിദ്ധനായത്.

മലാഖി എന്തെങ്കിലും വിധത്തിലുള്ള പ്രവചനം നടത്തിയതായി 1558 വരെ ആരും പറഞ്ഞിരുന്നില്ല. 1559ൽ അർമോൾഡ് വിയോൻ എന്നൊരാളാണ് Lignum Vitae എന്ന പുസ്തകത്തിലൂടെ മലാഖിയുടെ പ്രവചനത്തേക്കുറിച്ച് ആദ്യമായി പരാമർശിച്ചത്. 1139-40 കാലത്ത് മലാഖി റോം സന്ദർശിച്ചെന്നും വരാൻ പോകുന്ന 112 പോപ്പുമാരേക്കുറിച്ചുള്ള പ്രവചനങ്ങൾ അടങ്ങിയ പുസ്തകം അന്നത്തെ മാർപാപ്പായായ ഇന്നസന്റ് രണ്ടാമന് നൽകിയെന്നുമാണ് അർമോൾഡ് വിയോൻ പറഞ്ഞത്. പതിനാറാം നൂറ്റാണ്ടുവരെയുള്ള പോപ്പുമാരുടെ വിവരങ്ങൾ വളരെ കൃത്യമായി മലാഖിയുടെ പ്രവചനത്തിലുണ്ടെങ്കിലും അതിനു ശേഷമുള്ള പോപ്പുമാരേക്കുറിച്ച് അവ്യക്തവും ഹ്രസ്വവുമായ പരാമർശം മാത്രമാണ് മലാഖിയുടെ പ്രവചനത്തിലുള്ളത്. അതുകൊണ്ട് ഈ പുസ്തകം മലാഖി എഴുതിയതല്ലെന്നും പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ എഴുതിയതാണെന്നും മനസ്സിലാക്കാൻ സാമാന്യ ബുദ്ധി മതി. അക്കാലത്ത് മാർപാപ്പാ പദം മോഹിച്ച് നടന്നിരുന്ന ഒരാളുടെ വിജയം ഉറപ്പിക്കാൻ കെട്ടിച്ചമച്ചതാണ് ഈ പുസ്തകം.

ഇത് മലാഖിതന്നെ എഴുതിയതാണെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാലും പ്രശ്നം തീരുന്നില്ല. നോസ്ട്രഡാമസിനേപ്പോലെ മലാഖിയും ഒരു വെളിച്ചപ്പാടനായിരുന്നു എന്നതിൽ കവിഞ്ഞ് ഒന്നും ഇതുകൊണ്ട് തെളിയുന്നില്ല. ഭോഷ്ക്കിന്റെ ആത്മാവിലുള്ള പ്രവചനം ദൈവമക്കൾക്ക് ആവശ്യമില്ല.

ഭാവിയേക്കുറിച്ച് ദൈവമക്കൾ അറിയേണ്ടതെല്ലാം ദൈവവചനമായ ബൈബിളിലുണ്ട്. അതിൽ അധികമായി ഒന്നും ദൈവമക്കൾക്ക് ആവശ്യമില്ല. പാറമേൽ അടിസ്ഥാനമിട്ടുവേണം വീടു പണിയുവാൻ.

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ലോകാവസാനമുണ്ടാകുമെന്ന് നോസ്ട്രഡാമസ് പറഞ്ഞെന്നും മറ്റും ചൂണ്ടിക്കാട്ടി കോലാഹലം ഉണ്ടാക്കി നടന്നവർക്ക് ഇപ്പോൾ മിണ്ടാട്ടമില്ല. അടുത്ത പോപ്പ് അവസാനത്തെ പോപ്പാണെന്ന് മലാഖി പറഞ്ഞെന്ന് കൊട്ടി ഘോഷിച്ചു നടക്കുന്നവർ 267-ാമത്തെ പോപ്പ് അധികാരമേൽക്കുമ്പോൾ നാണിച്ച് തല താഴ്ത്തേണ്ടതായി വരും. അതുകൊണ്ട് ഉജാഗിർസിംഗ് സൂക്ഷിക്കുക. വിവരക്കേട് എഴുന്നെള്ളിക്കുന്നത് സൂക്ഷിച്ചു മതി.

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: രണ്ടാമത്തെ സി.ഡി. തയ്യാറായി

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ രണ്ടാമത്തേത് തയ്യാറായി. ഏതാനും ദിവസങ്ങൾക്കകം സി.ഡികൾ അയച്ചുതുടങ്ങും. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് ഈ സി.ഡിയുടെ ഉള്ളടക്കം.

ആദ്യ സി.ഡി. ജൂലൈ 10ന് പുറത്തിറങ്ങി. പണം അടച്ച എല്ലാവർക്കും സി.ഡി. അയച്ചുകഴിഞ്ഞു.

ആത്മലോകത്തേക്കുറിച്ചുള്ള പഠനങ്ങളാണ് മൂന്നാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്തമാസം ഈ സി.ഡി. പുറത്തിറങ്ങും.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ രണ്ടു സി.ഡികൾക്ക് 200 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. വിശദ വിവരങ്ങൾ 8-ാം പേജിൽ. വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.


കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ

Vol. No.8 Issue No. 16 2005 August 16

# ഹിമാലയൻ വിഡ്ഢിത്തവും ചില യാഥാർത്ഥ്യങ്ങളും

ഹിമാലയൻ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന കൊലപാതകവും അനുബന്ധ സംഭവങ്ങളും ഇന്ന് മാധ്യമങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഏതാനും വർഷം കൊണ്ട് വടവൃക്ഷം പോലെ വളർന്നു പന്തലിച്ച ഈ സ്ഥാപനം ഏതാനും ദിവസംകൊണ്ട് തകർന്നുവീഴുന്ന കാഴ്ചയും നാം കാണുന്നു. അത്ഭുതകരമായ ഈ വളർച്ചയും തളർച്ചയും നൽകുന്ന പാഠങ്ങൾ നാം മനസ്സിലാക്കാതെ പോകരുത്.

ക്രിക്കറ്റും അല്പം റൊമാൻസുമൊക്കെയായി അടിച്ചുപൊളിച്ചു നടക്കേണ്ട പ്രായത്തിൽ തുടങ്ങിയ ബിസിനസ്സ് ആകാശത്തോളം വളർന്നപ്പോൾ അവർ അതിരുവിട്ട് അഹങ്കരിച്ചു. ലോകം തങ്ങളുടെ കാൽക്കീഴിലാണെന്ന് തോന്നിപ്പോയി. അടുത്തുകൂടിയ ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ഈ ധാരണയ്ക്ക് വളമേകി വളർത്തി. പരാജയം എന്നൊന്ന് തങ്ങൾക്ക് ഉണ്ടാകില്ല എന്ന ധാരണയിൽ അവർ എടുത്തുചാടി. ഒടുവിൽ ചാട്ടം പിഴച്ചു. ഉയിർത്തെഴുന്നേൽക്കാൻ പറ്റാത്ത വിധത്തിലുള്ള തകർച്ചയുണ്ടായി.

കേരളത്തിൽ ചിട്ടി നടത്തുന്നതിന് കർശനമായ നിയമങ്ങളുണ്ട്. അങ്ങനെയിരിക്കെ ഏതാനും വർഷം കൊണ്ട് ഒരു ചിട്ടി സ്ഥാപനത്തിന് ഇത്രയേറെ വളർച്ച നേടാൻ കഴിഞ്ഞതെങ്ങനെ? ചിട്ടിനിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചാൽപ്പോലും ഇത്ര വളർച്ച ഉണ്ടാകുക അസാദ്ധ്യം. നിയമവിരുദ്ധമായ മറ്റെന്തോക്കെയോ വഴികളിലൂടെയാണ് അവർ വളർന്നതെന്ന് വ്യക്തം. ഇതൊക്കെ നടക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്തെടുക്കുകയായിരുന്നു? സർക്കാർ ഇതൊന്നും കാണാതെപോയതെങ്ങനെ? കിട്ടാനുള്ളത് കിട്ടിയപ്പോൾ ഈ കിട്ടൻമാരൊക്കെ വായടച്ചതാണോ?

സാക്ഷരത ഇത്രയേറെ വർദ്ധിച്ചിട്ടും മലയാളികൾക്ക് ബുദ്ധി വികസിച്ചിട്ടില്ലെന്ന് ഹിമാലയൻ സംഭവം തെളിയിക്കുന്നു. തികച്ചും സുരക്ഷിതമായ ചിട്ടികൾ ഉണ്ടായിട്ടും ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികളിൽ നിക്ഷേപം നടത്താൻ ജനം തയ്യാറാകുന്നതിന്റെ ഉള്ളുകള്ളികൾ പിടികിട്ടുന്നില്ല. മാധ്യമങ്ങളിലൂടെ ഇത്തരക്കാർ നടത്തുന്ന പരസ്യങ്ങളിൽ ജനം മയങ്ങിപ്പോകുകയാണോ? എങ്കിൽ അതീവ ഗൗരവമുള്ള ഒരു സാമൂഹ്യ വിഷയമായി പരിഗണിച്ച് ഈ പ്രശ്നത്തേപ്പറ്റി കൂടുതൽ പഠനങ്ങൾ നടത്തേണ്ടതുണ്ട്.

കേരളത്തിൽ വളർന്നു വരുന്ന ഗുണ്ടാസംസ്ക്കാരം എത്രത്തോളം അപകടകരമാണെന്ന വസ്തുതയിലേക്ക് ഹിമാലയൻ പ്രശ്നം വിരൽ ചൂണ്ടുന്നു. ഉന്നത പോലീസ് ഉദ്യോഗസ്ഥർ പോലും ഇത്തരക്കാരുടെ പിന്നിലുണ്ടെന്നത് പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. ഈ നില തുടർന്നാൽ കേരളം മറ്റൊരു ബീഹാറാകും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ശിഖണ്ഡിക്ക് ഇത്ര വാർത്താപ്രാധാന്യം ലഭിച്ച മറ്റൊരു കാലമുണ്ടെങ്കിൽ അത് മഹാഭാരത യുദ്ധത്തിന്റെ പത്താം ദിവസം മാത്രമായിരിക്കും. അന്നാണല്ലോ ശിഖണ്ഡിയെ മുൻനിർത്തി യുദ്ധം ചെയ്ത അർജ്ജുനൻ ഭീഷ്മരെ വീഴ്ത്തിയത്. പക്ഷേ, ശിഖണ്ഡി ആര് എന്നൊരു ചോദ്യം അന്ന് ഉണ്ടായിരുന്നില്ല. ഇന്ന് അതും ഉണ്ടായിരിക്കുന്നു. ശിഖണ്ഡി എന്നു കേട്ടപാടെ അത് താനാണെന്ന് കെ.കരുണാകരൻ പ്രഖ്യാപിച്ചു. ഉടൻതന്നെ ശിങ്കിടികൾ യുദ്ധപ്രഖ്യാപനവും നടത്തി. ശിഖണ്ഡിയെ രാഷ്ട്രീയത്തിലേക്ക് വലിച്ചിഴച്ച രമേശ് ചെന്നിത്തലയെ വഴിയിൽ തടയുമത്രേ. അങ്ങനെ കെ.കരുണാകരൻ ശിഖണ്ഡിയാണെന്ന് മിക്കവരും ഉറപ്പിച്ച സമയത്ത് ഏവരേയും നിരാശരാക്കിക്കൊണ്ട് രമേശിന്റെ പ്രഖ്യാപനം വന്നു: കരുണാകരൻ ശിഖണ്ഡിയാണെന്ന് താൻ പറഞ്ഞിട്ടില്ല. മാദ്ധ്യമങ്ങൾ തന്റെ പ്രസ്താവന വളച്ചുതിരിച്ച് കരുണാകരന്റെ രൂപം ഉണ്ടാക്കിയെടുക്കുകയായിരുന്നു. പത്രക്കാർ ഇങ്ങനെ തുടങ്ങിയാൽ രമേശ് എന്തുചെയ്യും. ഏതായാലും ഒരു അത്യുഗ്രൻ സമരം നടത്താനുള്ള അവസരമാണ് നാഷണൽ കോൺഗ്രസ്സിന് നഷ്ടമായിരിക്കുന്നത്.

സ്വാശ്രയ കോളേജ് പ്രശ്നത്തിൽ സുപ്രീം കോടതിയിൽ നിന്നും ഉണ്ടായിരിക്കുന്ന വിധി ഈ രംഗത്ത് വലിയ മാറ്റങ്ങൾക്ക് കാരണമാകും എന്നതിന് സംശയമില്ല. രണ്ടു സ്വകാര്യ കോളേജ് സമം ഒരു സർക്കാർ കോളേജ് എന്ന കുപ്രസിദ്ധ സമവാക്യത്തിന് ഇനി പ്രസക്തിയില്ല. കേരള സർക്കാർ പാസ്സാക്കിയ സ്വകാര്യ കോളേജ് നിയമവും ചവറ്റുകൊട്ടയിലാകും. കേന്ദ്ര സർക്കാർ സമഗ്രമായ ഒരു നിയമം പാസ്സാക്കുകയല്ലാതെ മറ്റു പോംവഴിയില്ല.

ജോക്കബ് ഗ്രൂപ്പ് നാഷണൽ കോൺഗ്രസ്സിൽ ലയിക്കുന്നു. അങ്ങനെ ജേക്കബ് ഗ്രൂപ്പ് ലയിച്ച് ഇല്ലാതെയാകും. നല്ലത്. അസംഖ്യം കേരളാ കോൺഗ്രസ്സുകളിൽ ഒന്ന് ഇല്ലാതെയാകുന്നതുകൊണ്ട് ഈ ലോകത്തിന് വിശേഷിച്ച് ദോഷമൊന്നും വരാനില്ല. പക്ഷേ, ലയിക്കുന്നതിനു മുൻപുതന്നെ ജേക്കബ് ഗ്രൂപ്പ് ഇല്ലാതാകുന്നതായാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. പാർട്ടി പ്രവർത്തകർ കൂട്ടമായി രാജിവെയ്ക്കുന്നു. ലയനം നടക്കുമ്പോൾ ജേക്കബും ജോണി നെല്ലൂരും മാത്രമേ മിച്ചമുണ്ടാകൂ എന്ന് തോന്നുന്നു.

ജേക്കബ് ഗ്രൂപ്പ് ലയിക്കുന്നത് നാഷണൽ കോൺഗ്രസ്സിനും നല്ലതാണ്. പാർട്ടിയുടെ എം.എൽ.എമാർ രാജിവെച്ചതോടെ നിയമസഭയിൽ പാർട്ടിക്ക് പ്രാധിനിത്യം ഇല്ലാതായിരിക്കയാണ്. ജേക്കബും ജോണി നെല്ലൂരും വരുന്നതോടെ ആ പ്രശ്നം തീരും. ഒരാളെ പാർലമെന്ററി പാർട്ടി നേതാവും അപരനെ ഉപനേതാവും ആക്കിയതോടെ അവർക്കും സന്തോഷമായി. നേതാവും ഉപനേതാവും മാത്രമേയുള്ളൂ, അണികളില്ല. എങ്കിലും നേതാവ് നേതാവല്ലാതാകുമോ?

വി.സി.കബീർ പാർട്ടി വിടുക മാത്രമല്ല എം.എൽ.എ. സ്ഥാനം രാജി വെയ്ക്കുകയും ചെയ്തിരിക്കുന്നു. രാജി വെച്ചില്ലെങ്കിൽ വിശേഷിച്ച് ഒരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ല എന്നത് ഒരു വസ്തുതയാണ്. എന്നിട്ടും അദ്ദേഹം രാജിവെച്ചു. നല്ലത്. തികച്ചും അനുകരണീയമായ മാതൃകയാണിത്. ഇടതുമുന്നണിയുടെ സഹായത്തോടെ ലഭിച്ച സീറ്റ് ഇടതുമുന്നണി വിടുമ്പോൾ ഉപേക്ഷിക്കുന്നു. അതല്ലേ സാക്ഷാൽ ധാർമ്മികബോധം.

വാസ്തുവിന്റെ ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. വാസ്തുവിന്റെ സഹായത്തോടെ ബി.ജെ.പി. ഡൽഹിയിൽ പ്രശ്നം പരിഹരിച്ചെങ്കിലും ഏറെ താമസിയാതെ കുഴപ്പങ്ങളുണ്ടായി. കേരള ഘടകത്തിലും പ്രശ്നം രൂക്ഷമാണ്. വാസ്തുവിന്റെ കോപം അടങ്ങാത്തതാണോ അതോ പ്രശ്നങ്ങൾ വാസ്തുവിന്റെ നിയന്ത്രണത്തിൽ നിൽക്കാത്തതാണോ എന്ന് വ്യക്തമല്ല. കാരണം എന്തുതന്നെ ആയാലും ഒഴിയാബാധ പോലെ ബി.ജെ.പി.യെ പ്രശ്നങ്ങൾ പിൻതുടരുകയാണ്.

മഴ പെയ്താലും പ്രശ്നം, പെയ്തില്ലെങ്കിലും പ്രശ്നം എന്നു വന്നാൽ എന്തുചെയ്യും? കഴിഞ്ഞ വർഷങ്ങളിൽ മഴ വേണ്ടത്ര ലഭിക്കാതിരുന്നതുമൂലം പ്രശ്നമുണ്ടായി. ഇക്കൊല്ലം മഴ വേണ്ടതിൽ അധികം ലഭിച്ചതാണ് പ്രശ്നമായത്. വെള്ളത്തിലൂടെയും വയ്യ, കരയ്ക്കുകൂടിയും വയ്യ എന്ന ചൊല്ല് ഇവിടെ അന്വർത്ഥമാകുകയാണ്.

മുല്ലപ്പെരിയാർ ഡാം പൊട്ടുമോ? ആ സാദ്ധ്യത തള്ളിക്കളയാനാവില്ല. ഒരു നൂറ്റാണ്ടിൽ അധികം മുൻപ് മണ്ണും കുമ്മായവും വരെ ഉപയോഗിച്ച് ഉണ്ടാക്കിയ ഡാം ഇത്രക്കാലവും നിലനിന്നതുതന്നെ അത്ഭുതം. പക്ഷേ അപ്രതീക്ഷിതമായി അപകടമുണ്ടായാൽ അതിനെ എങ്ങനെ നേരിടണമെന്ന് സർക്കാരിന് നിശ്ചയമില്ല. ചത്ത കൊച്ചിന്റെ ജാതകം നോക്കലാണല്ലോ നമ്മുടെ സർക്കാരിന്റെ ഇഷ്ട വിനോദം.

ജനങ്ങൾ ഏറെ വലയുന്നതിനു മുൻപ് ലോറി സമരം ഒത്തുതീർപ്പാക്കിയത് ഏതായാലും ശരിയായില്ല. ജനങ്ങളെ വലയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ സമരം ചെയ്യുന്നതെന്തിന്? ജനം വലയുന്നതിനു മുൻപ് സമരം ഒത്തുതീർപ്പാക്കിയാൽ സർക്കാരിന്റെ പ്രതിഛായ എവിടെച്ചെന്നു നിൽക്കും. ഇനിയെങ്കിലും ഇങ്ങനെയൊന്നും ചെയ്യരുത്. ജനത്തെ പരമാവധി വലയ്ക്കണം. ഏതു സമരമായാലും അതു കഴിഞ്ഞേ ഒത്തുതീർക്കാവൂ.

ഹിമാലയ പൊട്ടിയതോടെ ഉപദേശിമാരിൽ നല്ലൊരു പങ്ക് നെഞ്ചു തിരുമ്മാൻ തുടങ്ങിയതായാണ് അറിയാൻ കഴിഞ്ഞത്. പരിശുദ്ധമായ ദ്രവ്യാഗ്രഹം മൂലം നിക്ഷേപങ്ങളത്രയും ബ്ലേഡ് കമ്പനികളിലാണല്ലോ ഉപദേശിമാർ നടത്തിയിരിക്കുന്നത്. ഒരു ദിവസം ഇവയെല്ലാം പൊട്ടിയാൽ എന്താകും ഗതി എന്നാണ് ഇവരുടെ ആധി. കിടന്നിട്ട് ഉറക്കം വരുന്നില്ല.

ഓണം വരുന്നു. അതോടൊപ്പം വിവിധതരം കിഴിവുകളുമായി വ്യാപാരികളും എത്തും. കിഴിവ് വിലയിൽ മാത്രമേയുള്ളോ അതോ വാങ്ങുന്ന സാധനങ്ങളിലും ഉണ്ടോ എന്ന് ശ്രദ്ധിച്ചു നോക്കിയിട്ട് വാങ്ങുന്നത് എന്തുകൊണ്ടും നല്ലതാണ്.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# ഡോ. ബാബു ജോർജ് പത്താംക്ലാസ്സ് പാസ്സായോ എന്ന് വെളിപ്പെടുത്തണം

റവ.ഡോ.ബാബു ജോർജ് എന്ന് കേൾക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. ഈ ഭോഷ്ക്ക് ചിലപ്പോഴൊക്കെ ചില പത്രങ്ങളിൽ കാണാറുമുണ്ട്. ആല് ഏതായാലെന്താ, തണൽ കിട്ടിയാൽ പോരേ എന്ന സിദ്ധാന്തവുമായി നടക്കുന്നവർക്ക് വ്യാജഡോക്ട്രേറ്റും ഒരു തണലാണെന്നറിയാം. എങ്കിലും ചോദിക്കട്ടെ, ഡാക്കിട്ടർ പത്താം ക്ലാസ്സ് പാസ്സായതാണോ? ആണെങ്കിൽ ഏതു വർഷം? ഏതു സ്ക്കൂൾ?

ഒരു ഡോക്ട്രേറ്റ് എടുക്കുക എന്നത് എത്രത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് യഥാർത്ഥ ഡോക്ട്രേറ്റ് എടുത്തിട്ടുള്ളവർക്കേ അറിയൂ. ഏ.ജിയിലും യഥാർത്ഥ ഡോക്ട്രേറ്റുള്ള ചിലരെങ്കിലും ഉണ്ടല്ലോ. അവരോട് ചോദിച്ച് ഡോക്ട്രേറ്റ് എന്നാൽ എന്ത് എന്ന് ബാബു ജോർജ് മനസ്സിലാക്കണം. ആരെങ്കിലും ഒരു കടലാസ് തന്നതുകൊണ്ട് ബാബു ജോർജ് ഡോക്ടറാകുകയില്ല എന്ന് അപ്പോൾ മനസ്സിലാകും.

ഉണ്ണുന്നവൻ അറിഞ്ഞില്ലെങ്കിൽ വിളമ്പുന്നവൻ അറിയണം എന്നൊരു ചൊല്ലുണ്ട്. ഡോക്ട്രേറ്റിന്റെ കാര്യത്തിൽ ഇത് തികച്ചും ശരിയാണ്. ബാബു ജോർജിനേപ്പോലെ നിരവധി ചുമ്മാ ഡോകൾ പെന്തക്കോസ്തിലുണ്ട്. റവ.ഡോ. എന്നൊക്കെ അവർ എഴുതി തരുമ്പോൾ കണ്ണടച്ച് അതൊക്കെ അടിച്ചു വിടാതിരിക്കാനുള്ള വിവേകം പെന്തക്കോസ്ത് പത്രങ്ങൾക്ക് ഉണ്ടാകണം. ചുമ്മാഡോകളുടെ തള്ളിക്കയറ്റം നിയന്ത്രിക്കാൻ ഇതല്ലാതെ പോംവഴിയില്ല.

എം.ബി.ബി.എസ്സിന് പഠിക്കാൻ ഇറങ്ങി പുറപ്പെട്ട ഒരു മഹാന്റെ ചരിത്രം പറഞ്ഞുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. എം.ബി.ബി.എസ്സിന് അഡ്മിഷൻ ആവശ്യപ്പെട്ട് ഈ മാന്യദേഹം ഒരു മെഡിക്കൽ കോളേജിൽ ചെന്നു. പ്ലസ് ടു പാസ്സാകാതെ എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിക്കില്ല എന്ന് പ്രിൻസിപ്പാൾ അറിയിച്ചു. അങ്ങനെ അയാൾ ഒരു ഹയർ സെക്കന്ററി സ്ക്കൂളിൽ ചെന്ന് പ്ലസ് ടൂവിന് അഡ്മിഷൻ ചോദിച്ചു. പത്താംക്ലാസ്സ് പാസ്സാകാത്തവർക്ക് പ്ലസ് ടൂവിന് അഡ്മിഷൻ ലഭിക്കയില്ല എന്ന മറുപടി കിട്ടി. ഉടൻ അയാൾ ഒരു ഹൈസ്ക്കൂളിൽ ചെന്ന് പത്താം ക്ലാസ്സിൽ അഡ്മിഷൻ ചോദിച്ചു. ഒന്നാം ക്ലാസ്സ് മുതൽ ഒൻപതു ക്ലാസ്സ് പഠിച്ച് പാസ്സായാലേ പത്താം ക്ലാസ്സിൽ അഡ്മിഷൻ ലഭിക്കൂ എന്ന് ഹെഡ്മാസ്റ്റർ പറഞ്ഞു. ഒടുവിൽ ഒരു ചുമ്മാഡോ എടുത്ത് അയാൾ ഡോക്ടറായി. (തെറ്റിദ്ധരിക്കരുത്: ഇയാളുടെ പേര് ബാബു ജോർഇജ് എന്നല്ല).





## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3950734
മൊബൈൽ: 94474 14608


# കടമ്പനാട് അടിപീസിയും ചില വസ്തുതകളും

കടമ്പനാട് അടിപീസി ഹാൾ അടിപിടിയോടെ ഉദ്ഘാടനം ചെയ്യപ്പെട്ട സംഭവം കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഇതുമായി ബന്ധപ്പെട്ട് രണ്ടു കത്തുകൾ ഡിഫെൻഡർ ഓഫീസിൽ ലഭിക്കുകയുണ്ടായി.

ഏതോ ഒരു കൗടലേയൻ അയച്ചതാണ് ഒരു കത്ത്. ആരാണ് കത്തയച്ചതെന്ന് നിശ്ചയമില്ല. സ്വന്തം പിതൃത്വം പോലും നിശ്ചയമില്ലാത്തവന് പേരു വെളിപ്പെടുത്താൻ ബുദ്ധിമുട്ടുണ്ടാകും. ഏതായാലും ആ കത്ത് ചവറ്റുകൊട്ടയിലിട്ടു.

ജോയീസ് ചാക്കോ എഴുതിയതാണ് രണ്ടാമത്തെ കത്ത്. അതിന് പിതൃത്വമുള്ളതുകൊണ്ട് മറുപടി പറയുന്നു:

മൂന്നു പേജുള്ളതാണ് ഈ കത്ത്. സ്ഥല പരിമിതിമൂലം അത് പ്രസിദ്ധീകരിക്കുന്നില്ല. എങ്കിലും പ്രധാന ആരോപണങ്ങൾക്ക് മറുപടി പറയുകയാണ്.

ഡിഫെൻഡർ പറയുന്നതിൽ സത്യത്തിന്റെ കണികപോലും ഇല്ലെന്നാണ് ആദ്യ ആരോപണം. ഹാളിന്റെ ഉദ്ഘാടനം നടന്നെന്നും അവിടെ ബഹളമുണ്ടായെന്നും കത്തിൽ സമ്മതിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ സത്യത്തിന്റെ കണികപോലും ഇല്ല എന്ന് പറയുന്നതെങ്ങനെ?

ബഞ്ചമിൻ വർഗീസ് പണം മോഷ്ടിച്ചു എന്ന് ഡിഫെൻഡർ പറഞ്ഞു എന്നാണ് അടുത്ത ആരോപണം. ഡിഫെൻഡറിൽ വന്ന വാർത്ത ഒരുവട്ടം കൂടി ശ്രദ്ധിച്ചു വായിക്കുക. അറുപതിനായിരം രൂപ കാണാതായി എന്നല്ലാതെ അത് ബെഞ്ചമിൻ വർഗീസ് മോഷ്ടിച്ചു എന്ന് ഡിഫെൻഡർ പറഞ്ഞിട്ടില്ല. പണം കാണാതായി എന്ന വസ്തുത ജോയീസ് ചാക്കോ അംഗീകരിക്കുന്നുമുണ്ട്. അത് ആരാണ് മോഷ്ടിച്ചതെന്ന് ജോയീസ് ചാക്കോ പറയുന്നു. ഡിഫെൻഡർ പറയുന്നില്ല. വ്യത്യാസം അത്രമാത്രം.

ബഞ്ചമിൻ വർഗീസ് ഡോ. ഹാബേൽ ജി. വർഗീസിന്റെ സഹോദരനാണെന്ന് കത്തിൽ പറയുന്നു. ഈ വസ്തുത ഡിഫെൻഡർ നിഷേധിച്ചിട്ടില്ലല്ലോ. ഡോ.ഹാബേൽ ജി. വർഗീസ് മാന്യനാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ സഹോദരൻ മാന്യനായേ മതിയാകൂ എന്നില്ല.

ബഞ്ചമിൻ വർഗീസ് അമ്പലത്തിൽ ആശംസ പറയാൻ പോയിട്ടില്ല എന്നാണ് ജോയീസ് ചാക്കോ പറയുന്നത്. അമ്പലത്തിൽ ആശംസ പറഞ്ഞവരുടെ കൂട്ടത്തിൽ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉണ്ടായിരുന്നു എന്ന് മലയാള മനോരമയിൽ വാർത്ത ഉണ്ടായിരുന്നു. അത് ഏതാനും മാസം മുൻപ് ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ഇങ്ങനെയൊരു സംഭവം നടന്നിട്ടില്ലെങ്കിൽ ബഞ്ചമിൻ വർഗീസ് മനോരമയ്ക്കും ഡിഫെൻഡറിനും കത്തയയ്ക്കേണ്ടതായിരുന്നു. അത് ഉണ്ടായിട്ടില്ല.

ബഞ്ചമിൻ വർഗീസ് കത്തയയ്ക്കാതിരുന്നത് മാന്യതകൊണ്ടാണ് എന്നത്രേ ജോയീസ് ചാക്കോ പറയുന്നത്. തെറ്റായ വാർത്ത വന്നാൽ അത് തിരുത്താൻ ആവശ്യപ്പെട്ട് കത്തയയ്ക്കുന്നത് മാന്യൻമാർക്കു ചേർന്ന പണിയല്ല എന്നത് പുതിയ അറിവാണ്. ഡിഫെൻഡറിന്റെ അനുഭവം വെച്ചു പറഞ്ഞാൽ കുറ്റവാളികളാണ് മൗനം ഭജിക്കുന്നത്. നിരപരാധികൾ തങ്ങളുടെ നിരപരാധിത്വം തുറന്നു പറയും.

പാസ്റ്റർ ബഞ്ചമിൻ വർഗീസിനേപ്പറ്റി ഏറെയൊന്നും ഡിഫെൻഡർ നാളിതുവരെ അന്വേഷിച്ചിട്ടില്ല. അത്യുഗ്രൻ കള്ളൻമാർ ഉള്ളപ്പോൾ ചെറുകിടക്കാരെ ശ്രദ്ധിക്കാൻ സമയം കിട്ടിയില്ല എന്നുമാത്രം. പക്ഷേ ബഞ്ചമിൻ വർഗീസിനേക്കുറിച്ച് പല വിധത്തിലുള്ള റിപ്പോർട്ടുകൾ ഡിഫെൻഡർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. അവയിൽ എത്രത്തോളം സത്യമുണ്ട് എന്ന് അറിഞ്ഞുകൂടാ. ഏതായാലും ഈ പ്രശ്നം ഇത്രയും ആയ നിലയ്ക്ക് ഡിഫെൻഡർ ചില അന്വേഷണങ്ങളൊക്കെ നടത്താൻ തീരുമാനിച്ചിരിക്കയാണ്. ശോശാമ്മക്കഥയിൽ വല്ല കഥയുമുണ്ടോ എന്ന് അറിയണമല്ലോ.

സഭയുടെ ഫണ്ടിൽ നിന്നും ആരാണ് പണം മോഷ്ടിച്ചത് എന്ന് വ്യക്തമാക്കാൻ ജോയീസ് ചാക്കോ വളരെ വിശദമായി എഴുതുന്നുണ്ട്. അതിൽ പരാമർശവിഷയമാകുന്ന വ്യക്തികളേക്കുറിച്ച് ഡിഫെൻഡറിന് കാര്യമായ അറിവൊന്നുമില്ല. അതുകൊണ്ട് സഭയുടെ ഫണ്ടിൽ നിന്നും ആരോ കുറെ പണം വെട്ടിച്ചു എന്ന പഴയ നിലപാടിൽ ഡിഫെൻഡർ ഉറച്ചു നിൽക്കുന്നു. വെട്ടിപ്പു നടത്തിയത് ആര് എന്ന പ്രശ്നം ബന്ധപ്പെട്ടവർ പരിശോധിക്കട്ടെ. കുറ്റവാളികൾക്കെതിരെ നടപടി എടുക്കട്ടെ. ഡിഫെൻഡർ എല്ലാ പിൻതുണയും വാഗ്ദാനം ചെയ്യുന്നു.

ഡിഫെൻഡർറിൽ പ്രസിദ്ധീകരിച്ച വാർത്തയിൽ വസ്തുതയ്ക്ക് നിരക്കാത്തതായി ഒന്നും ഇല്ല. അതുകൊണ്ട് ആ വാർത്തയിൽ പറയുന്ന കാര്യങ്ങളിൽ ഡിഫെൻഡർ ഉറച്ചു നിൽക്കുന്നു.

## ഡിഫെൻഡറിന് കത്തെഴുതുന്നവരുടെ ശ്രദ്ധയ്ക്ക്

ഡിഫെൻഡർ ഓഫീസിൽ മിക്ക ദിവസവും കത്തുകൾ ലഭിക്കാറുണ്ട്. ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്ന വാർത്തകളേക്കുറിച്ച് അനുകൂലമായും പ്രതികൂലമായും എഴുതാൻ വായനക്കാർക്ക് അവകാശമുണ്ട്. അതുപോലെ ഡിഫെൻഡറിന്റെ ശ്രദ്ധയിൽ വരേണ്ട സംഭവങ്ങളേക്കുറിച്ച് എഴുതി അറിയിക്കുന്നതും സ്വാഗതം ചെയ്യുന്നു.

കത്തയയ്ക്കുന്നവർ ദയവായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. കത്തയയ്ക്കുന്ന ആളിന്റെ പേര്, പൂർണ്ണമായ വിലാസം, ഒപ്പ് (ഫോൺ ഉണ്ടെങ്കിൽ നമ്പർ) എന്നിവ ഇല്ലാത്ത കത്തുകൾക്ക് ഒരു വിധത്തിലുള്ള പരിഗണനയും ലഭിക്കയില്ല.
2. ഡിഫെൻഡറിന് വിവരം തരുന്നവരുടെ പേരും മറ്റും രഹസ്യമായി സൂക്ഷിക്കുന്നതാണ്. (ഈ വാക്ക് വിശ്വാസമില്ലാത്തവർ ഡിഫെൻഡറിന് ഊമക്കത്തയച്ച് സമയവും പണവും കളയേണ്ടതില്ല).
3. ഡിഫെൻഡറിനെ പുകഴ്ത്തി കത്തയച്ചതുകൊണ്ട് വലിയ ഗുണമൊന്നും വരാനില്ല. ഇത്തരം കത്തുകൾ സംശയ ദൃഷ്ടിയോടെയായിരിക്കും ഡിഫെൻഡർ കാണുക.
4. ഡിഫെൻഡറിനെ വിമർശിക്കുന്നത് സ്വാഗതാർഹമാണ്. പക്ഷേ വെറും പടപ്പിൽതല്ല് ഒഴിവാക്കുക. വസ്തുനിഷ്ഠമായ വിമർശനങ്ങളാണ് നടക്കേണ്ടത്.
5. ഡിഫെൻഡർ പക്ഷം പിടിക്കാറില്ല. അതുകൊണ്ട് ഏതെങ്കിലും പക്ഷത്തിന് അനുകൂലമോ പ്രതികൂലമോ ആണ് ഡിഫെൻഡർ എന്ന് ധരിക്കരുത്.
6. ചള്ളും പൊട്ടും പറഞ്ഞോ ഭീഷണിപ്പെടുത്തിയോ ഡിഫെൻഡറിനെ ഒതുക്കാമെന്ന് ആരും വ്യാമോഹിക്കരുത്. കള്ളക്കേസ്സിൽ കുടുക്കി ജയിലിൽ ഇട്ടിട്ടും ഡിഫെൻഡറിന്റെ പ്രവർത്തകരെ ഒതുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് മറക്കരുത്.


## ഉടൻ ആവശ്യമുണ്ട്

ഓഫീസ് അസിസ്റ്റന്റ്സ് (S.S.L.C. / Plus Two / Degree: ശമ്പളം: 1,000 – 1500), കമ്പ്യൂട്ടർ/ ഡി.റ്റി.പി. ഓപ്പറേറ്റേഴ്സ് (ശമ്പളം: 1500 – 2000), അക്കൗണ്ടന്റ്സ് (ബി.കോം. / കമ്പ്യൂട്ടർ), സെയിൽസ് ഗേൾസ് / മെൻ, ചെറുകിട കമ്പനികളിലേക്ക് സ്ത്രീ / പുരുഷ ഹെൽപ്പേഴ്സ്, വീടുകളിലേക്ക് സ്ത്രീ ജോലിക്കാർ (ശമ്പളം: 1800 മുതൽ), കൂടാതെ, 25ൽ താഴെയുള്ള ആൺകുട്ടികൾക്ക് സൗജന്യ താമസ/ഭക്ഷണ സൗകര്യത്തോടും 2000 രൂപയ്ക്ക് മേൽ ശമ്പളത്തോടും കൂടിയ നിരവധി ജോലി ഒഴിവുകൾ.

താല്പര്യമുള്ളവർ ബന്ധപ്പെടുക:

"പ്രീമിയർ", പെരുമ്പാവൂർ.

ഫോൺ: 0484-3955048, 9349273332

# അച്ചൻകുഞ്ഞിനെ ഡിഫെൻഡർ എന്തുകൊണ്ട് എതിർക്കുന്നു?

അച്ചൻകുഞ്ഞ് ഇലന്തൂരിനെ വിമർശിച്ച് ഡിഫെൻഡറിൽ നിരന്തരം വാർത്തകൾ വരുന്നത് കാണുമ്പോൾ പലർക്കും അത്ഭുതം തോന്നുന്നുണ്ടാകാം. എന്തുകൊണ്ടാണ് അച്ചൻകുഞ്ഞിനെ ഡിഫെൻഡർ ഇങ്ങനെ വിമർശിക്കുന്നത് എന്ന് സംശയിക്കുന്നവരുമുണ്ടാകാം. ഇത്രത്തോളം വിമർശിക്കാൻ അച്ചൻകുഞ്ഞ് എന്തു തെറ്റ് ചെയ്തു എന്ന് ചോദിക്കുന്നവരും കണ്ടേക്കാം. അങ്ങനെയുള്ളവരുടെ അറിവിലേയ്ക്കായി ഈ കുറിപ്പ് എഴുതുന്നു.

പ്രധാനമായി രണ്ടു തരത്തിലുള്ള തെറ്റുകളാണ് ഡിഫെൻഡറിൽ വിമർശന വിധേയമാകുക.

1. ഉപദേശപ്പിശക്.
2. ജീവിതപ്പിശക്.

ടി.എസ്.ഏബ്രഹാം എന്തെങ്കിലും ദുരുപദേശം പറഞ്ഞിട്ടുള്ളതായി അറിവില്ല. (അദ്ദേഹം ഉപദേശം പറഞ്ഞതായും അറിവില്ല). പക്ഷേ, കടുത്ത ദുർന്നടപ്പുകാരനാണ് ടി.എസ്.ഏബ്രഹാം. അതുകൊണ്ടാണ് ഞാൻ ടി.എസ്. ഏബ്രഹാമിനെ വിമർശിക്കുന്നത്.

കെ.സി.ജോൺ ചെറിയ തോതിൽ ദുരുപദേശം പറയാറുണ്ട്. പക്ഷേ, ദുർന്നടപ്പ് തൊഴിലാക്കിയ നീചൻ എന്ന നിലയ്ക്കാണ് ഡിഫെൻഡർ കെ.സി. ജോണിനെ വിമർശിക്കുന്നത്.

സുരേഷ് ബാബു ശുദ്ധ തട്ടിപ്പുകാരനും ദുരുപദേശക്കാരനും ദുർമ്മാർഗ്ഗിയുമാണ്. സുവിശേഷത്തിന്റെ പേരിൽ ജനവഞ്ചന നടത്തുകയാണ് സുരേഷ് ബാബു ചെയ്തത്. അതുകൊണ്ടാണ് ഡിഫെൻഡർ സുരേഷ് ബാബുവിനെ എതിർക്കുന്നത്.

ശാരോൻ നേതാക്കൻമാരായ ടി.ജി.കോശി, ടി.പി.ഏബ്രഹാം, സി.വി.ജോൺ തുടങ്ങിയവർ സഭയുടെ സ്വത്തുക്കൾ മോഷ്ടിച്ച കള്ളൻമാരാണ്. സി.വി. ജോൺ കൊടിയ ദുർന്നടപ്പുകാരനുമാണ്. അതുകൊണ്ടാണ് ഇവരെയൊക്കെ ഡിഫെൻഡർ എതിർക്കുന്നത്.

ദുരുപദേശത്തിന്റെ പേരിലാണ് ഡിഫെൻഡർ ജെ.സി. ദേവിനെ എതിർക്കുന്നത്. അന്യഭാഷ അടയാളമായി പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം പരിശുദ്ധാത്മാവിനെ വിറ്റ് പായസം കുടിച്ച ആ നീചനെ എതിർക്കാതിരിക്കാൻ ഡിഫെൻഡറിന് കഴിയുന്നതല്ല.

ഒരു വ്യക്തി എന്ന നിലയിൽ പടിഞ്ഞാറേക്കര കുഴപ്പക്കാരനല്ല. പക്ഷേ, സ്വന്തം മകളെ ഭാര്യയാക്കിയ പ്രജാപതി എന്ന അന്യദൈവത്തെ യേശുക്രിസ്തുവാക്കാൻ പടിഞ്ഞാറേക്കര ശ്രമിച്ചപ്പോൾ എതിർക്കാതെ തരമില്ലെന്നു വന്നു. പക്ഷേ, കോശി ഏബ്രഹാം എന്ന വ്യക്തിയും അയാളുടെ ഉപദേശവും അപകടകരമാണ്. അതുകൊണ്ടാണ് ഡിഫെൻഡർ അയാളെ വിമർശിച്ചത്.

ഈ പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: ഉപദേശപ്പിശകിന്റെ പേരിൽ ഡിഫെൻഡർ ചിലരെ വിമർശിച്ചിട്ടുണ്ട്. ജീവിതപ്പിശകിന്റെ പേരിലും വിമർശിച്ചിട്ടുണ്ട്. ഇവ രണ്ടും ഉള്ളവരേയും വിമർശിച്ചിട്ടുണ്ട്. അച്ചൻകുഞ്ഞിനെ വിമർശിക്കുന്നതും ഇങ്ങനെ ചില കാരണങ്ങളാലാണ്.

അച്ചൻകുഞ്ഞ് ഇലന്തൂർ ദുർന്നടപ്പുകാരനാണോ? ഇതുവരെയുള്ള അറിവു വെച്ച് പറഞ്ഞാൽ അച്ചൻകുഞ്ഞ് ദുർന്നടപ്പുകാരനല്ല. ഇനി അവശേഷിക്കുന്നത് ദുരുപദേശപ്രശ്നമാണ്. അച്ചൻകുഞ്ഞ് ദുരുപദേശക്കാരനാണോ? അതെ. രക്ഷയെ ബാധിക്കുന്ന ഗൗരവമുള്ള ദുരുപദേശങ്ങളിൽ വിശ്വസിക്കയും അവ പ്രചരിപ്പിക്കയും ചെയ്യുന്ന വ്യക്തിയാണ് അച്ചൻകുഞ്ഞ്.

ഏതു മതത്തിൽ വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനും ഇന്ത്യൻ പൗരന് അവകാശമുണ്ട്. അതുകൊണ്ട് അച്ചൻകുഞ്ഞിനും തനിക്ക് ഇഷ്ടമുള്ളത് വിശ്വസിക്കാനുള്ള അവകാശമുണ്ട്. ഡിഫെൻഡർ അതിൽ ഇടപെടേണ്ട കാര്യമില്ല. പക്ഷേ, അച്ചൻകുഞ്ഞ് ഐ.പി.സിയിലെ അംഗമാണ്. ഐ.പി.സിയുടെ കേരള സ്റ്റേറ്റ് കൗൺസിൽ അംഗമാണ്. തന്റെ വിശ്വാസാചാരങ്ങൾ പ്രചരിപ്പിക്കാൻ മരുപ്പച്ച എന്ന ദ്വൈവാരിക പ്രസിദ്ധീകരിക്കയും ചെയ്യുന്നു. ഇങ്ങനെയുള്ള വ്യക്തി ദുരുപദേശങ്ങൾ പ്രചരിപ്പിച്ചാൽ അത് ഗുരുതരമായ പ്രശ്നങ്ങൾക്ക് കാരണമാകും എന്നതിന് സംശയമില്ല.

എന്താണ് ദുരുപദേശം? ദൈവവചനത്തിന്റെ ഉപദേശത്തിന് വിരുദ്ധമായ ഉപദേശങ്ങളാണ് ദുരുപദേശങ്ങൾ. എന്താണ് ദൈവവചനാനുസൃതമുള്ള ഉപദേശം? അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം എന്നതിന് സംശയമില്ല. എങ്കിലും അച്ചൻകുഞ്ഞ് ഇലന്തൂർ ഐ.പി.സിക്കാരനായതുകൊണ്ട് ഐ.പി.സിയുടെ ഉപദേശമാണ് ശരിയായ ഉപദേശം എന്ന് നിശ്ചയിക്കാം.

എന്തൊക്കെയാണ് ഐ.പി.സിയുടെ ഉപദേശം? അത് ഐ.പി.സിയുടെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. ഈ പത്രത്തിന്റെ ഏഴാം പേജിൽ അത് കൊടുത്തിട്ടുമുണ്ട്. ഐ.പി.സിയിലെ അംഗങ്ങൾ ഇവയൊക്കെ വിശ്വസിച്ചേ മതിയാകൂ. ഇവയിൽ വിശ്വാസമില്ലാതാകുന്നതോടെ ഒരു ഐ.പി.സി. അംഗത്തിന് ഐ.പി.സിയിലുള്ള അംഗത്വാവകാശം നഷ്ടമാകുന്നു.

ഐ.പി.സിയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളായി 22 കൂട്ടം കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അച്ചൻകുഞ്ഞ് ഇവയിൽ എത്രയെണ്ണം വിശ്വസിക്കുന്നുണ്ട്? വിരലിൽ എണ്ണാവുന്നത്ര മാത്രം. ബാക്കിയുള്ളവയിൽ അച്ചൻ കുഞ്ഞിന് വിശ്വാസമില്ല. പക്ഷേ, അച്ചൻകുഞ്ഞ് അത് തുറന്നു പറയുകയുമില്ല. എങ്കിലും തന്റെ പത്രത്തിലൂടെ ഐ.പി.സിയുടെ ഉപദേശത്തിന് വിരുദ്ധമായി പഠിപ്പിക്കയും ചെയ്യും.

ഉദാഹരണമായി, പരിശുദ്ധാത്മാഭിഷേകത്തിന്റെ പ്രത്യക്ഷ അടയാളമായി അന്യഭാഷാഭാഷണത്തെ ഐ.പി.സി. സ്വീകരിക്കുന്നു. ഐ.പി.സിയിലെ അംഗങ്ങളെല്ലാം ഇതു വിശ്വസിച്ചേ മതിയാകൂ. പക്ഷേ, ഇത് പെന്തക്കോസ്ത് ഉപദേശമല്ലെന്നും കെ.ഇ.ഏബ്രഹാം കണ്ടുപിടിച്ച വിഡ്ഢിത്തമാണെന്നും അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്നു.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ വിശ്വാസസ്നാനം സ്വീകരിക്കണമെന്ന് ഐ.പി.സി. പഠിപ്പിക്കുന്നു. പക്ഷേ, സ്നാനം നിർബ്ബന്ധമല്ല എന്നാണ് അച്ചൻകുഞ്ഞിന്റെ നിലപാട്. രക്ഷിക്കപ്പെട്ടവർ വചനവിരുദ്ധമായ എല്ലാ ആചാരാനുഷ്ഠാനങ്ങളുമായി വേർപെടണമെന്ന് ഐ.പി.സി. പറയുന്നു. പക്ഷേ, കത്തോലിക്കനോ ഓർത്തഡോക്സ്കാരനോ ആയിരുന്നുകൊണ്ട് നിത്യരക്ഷ പ്രാപിക്കാമെന്ന് അച്ചൻകുഞ്ഞ് വിശ്വസിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നു.

ഇങ്ങനെ ഉദാഹരണങ്ങൾ നിരവധിയുണ്ട്. അടിസ്ഥാന വേദോപദേശങ്ങളിൽ ഭൂരിപക്ഷവും നിഷേധിക്കുന്ന അച്ചൻകുഞ്ഞ് ഇലന്തൂർ രക്ഷയെ ബാധിക്കുന്ന ഉപദേശപ്പിശകുകൾ പ്രചരിപ്പിക്കുന്ന വ്യക്തിയാണ്. ഐ.പി.സിയിൽ നിന്നുകൊണ്ട് ഐ.പി.സിയെ വഞ്ചിക്കുകയാണ്. അതുകൊണ്ട് അച്ചൻകുഞ്ഞിനെ എതിർക്കാതെ പറ്റില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

? അമേരിക്കയിൽ പോകാൻ വിസ വാങ്ങിക്കൊടുക്കാമെന്നു പറഞ്ഞ് ഒന്നേകാൽ ലക്ഷം രൂപ വാങ്ങി രണ്ട് ഐ.പി.സി. പാസ്റ്റർമാർ തട്ടിപ്പു നടത്തിയെന്നും അവരെ കോടതി ഓരോ വർഷം കഠിന തടവിനും അയ്യായിരം രൂപ വീതം പിഴയ്ക്കും ശിക്ഷിച്ചെന്നും പത്രത്തിൽ വായിച്ചു. ഒരു പ്രമുഖ പെന്തക്കോസ്ത് പത്രത്തിലും ഈ വാർത്ത ഉണ്ടായിരുന്നു. പക്ഷേ, ഇത്തരം സംഭവങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുന്ന ഡിഫെൻഡറിൽ ഇതേപ്പറ്റി ഒന്നും കണ്ടില്ലല്ലോ.

■ സത്യസന്ധമായ വാർത്തകൾ മാത്രം പ്രസിദ്ധീകരിക്കുന്ന പത്രമാണ് ഡിഫെൻഡർ. വേണ്ടത്ര അന്വേഷണം നടത്തിയ ശേഷം മാത്രമേ ഡിഫെൻഡറിൽ വാർത്തകൾ പ്രസിദ്ധീകരിക്കൂ.

രണ്ട് ഐ.പി.സി. പാസ്റ്റർമാരെ കോടതി ശിക്ഷിച്ചു എന്ന് അറിഞ്ഞയുടൻ ഞാൻ ഈ പ്രശ്നത്തേക്കുറിച്ച് അന്വേഷണം നടത്തി. ഇപ്രകാരം ഒരു കോടതി വിധി ഉണ്ടായി എന്നത് സത്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. യഥാർത്ഥത്തിൽ എന്താണ് നടന്നത് എന്നും ഞാൻ അന്വേഷിച്ചു. നിരപരാധികൾ ക്രൂശിക്കപ്പെടുകയായിരുന്നു എന്ന് എനിക്ക് ബോദ്ധ്യമായി. കീഴ്ക്കോടതി വിധിക്കെതിരെ പ്രതികൾ അപ്പീൽ കൊടുത്തിട്ടുള്ളതുകൊണ്ട് ഞാൻ ഈ പ്രശ്നത്തിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ പാസ്റ്റർമാരുടെ നിരപരാധിത്വം മേൽക്കോടതിയിൽ തെളിയുമെന്നും ഇവരെ കോടതി വെറുതെ വിടുമെന്നും എനിക്ക് ഉറപ്പുണ്ട്. അതു കഴിഞ്ഞ് ഈ സംഭവത്തിന്റെ വിശദാംശങ്ങൾ വിവരിക്കാം. ഇപ്പോൾ എന്തെങ്കിലും പറഞ്ഞാൽ അത് കോർട്ട് അലക്ഷ്യമായേക്കും.

പണവും സ്വാധീനവുമുള്ളവർക്ക് മാദ്ധ്യമങ്ങളെ എങ്ങനെ ദുർവ്വിനിയോഗം ചെയ്യാൻ കഴിയുമെന്ന് അനുഭവിച്ച് അറിഞ്ഞവനാണ് ഞാൻ. ഈ പാസ്റ്റർമാരും ഇത്തരത്തിലാണ് കുപ്രസിദ്ധി നേടിയത്. സെക്യൂലർ മാദ്ധ്യമങ്ങൾ ഇത്തരം വാർത്തകൾ കൂടുതൽ അന്വേഷണം കൂടാതെ പ്രസിദ്ധീകരിക്കുന്നത് സ്വാഭാവികം. പക്ഷേ ഗുഡ്ന്യൂസ് പോലുള്ള പെന്തക്കോസ്ത് പത്രങ്ങൾ ഈ പാസ്റ്റർമാർക്ക് എന്താണ് പറയാനുള്ളത് എന്ന് അന്വേഷിക്കേണ്ടതായിരുന്നു. അതുണ്ടായില്ല.

തെറ്റിനെതിരെ പ്രതികരിക്കാനുള്ള ത്വരയാണോ ഇതിന്റെ പിന്നിലുള്ളത്? എങ്കിൽ ഗുഡ്ന്യൂസ് അഭിനന്ദനം അർഹിക്കുന്നു. പക്ഷേ, ടി.എസ്.ഏബ്രഹാം ഉൾപ്പെടെയുള്ള അത്യുഗ്രൻ കള്ളൻമാർക്ക് ഓശാന പാടുന്ന ഗുഡ്ന്യൂസ് ഈ പാവപ്പെട്ട പാസ്റ്റർമാരുടെ മുകളിൽ കുതിര കയറിയത് ധാർമ്മികബോധം മൂലമല്ലെന്ന് വ്യക്തമാണ്.

ചാനലിന്റെ പേരു പറഞ്ഞ് കെ.സി.ജോൺ കോടികൾ തട്ടി. ഗുഡ്ന്യൂസിന് മിണ്ടാട്ടമില്ല. ഭാരത സുവിശേഷീകരണത്തിന്റെ മറവിൽ ടി.എസ്.ഏബ്രഹാമും പുത്രനും കൂടി കോടികൾ കൊള്ളയടിക്കുന്നു. അത് പുണ്യപ്രവൃത്തി. ഭൂരിപക്ഷം പെന്തക്കോസ്ത് നേതാക്കൻമാരും വ്യഭിചാരികളോ മോഷ്ടാക്കളോ ആണ്. അതിനെതിരെ ഒരു വാക്കു പോലും പറയാൻ ഗുഡ്ന്യൂസിന് ചങ്കൂറ്റമില്ല. തിരിച്ച് ഒരു വാക്കു പോലും പറയാൻ കഴിവില്ലാത്ത രണ്ടു പാസ്റ്റർമാർ മറ്റൊരാൾ ചെയ്ത തെറ്റിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടപ്പോൾ അത് കൊട്ടിഘോഷിക്കാൻ ഗുഡ്ന്യൂസ് അമിതാവേശം കാണിച്ചു. ഇവർ നിരപരാധികളാണെന്ന് മേൽക്കോടതി വിധിക്കുമ്പോൾ ആ വാർത്ത ഗുഡ്ന്യൂസ് പ്രസിദ്ധീകരിക്കുമോ? കണ്ടറിയണം.

ഗുഡ്ന്യൂസ് മാത്രമേ ഗുഡ്ന്യൂസിൽ പ്രസിദ്ധീകരിക്കൂ എന്നാണ് വെയ്പ്. പക്ഷേ, ഇതൊക്കെയാണ് ഗുഡ്ന്യൂസിന്റെ കൈയ്യിലിരുപ്പെങ്കിൽ ബാഡ്ന്യൂസ് പ്രസിദ്ധീകരിക്കുന്ന ഡിഫെൻഡറാണ് ഏറെ മെച്ചം. നിരപരാധികളെ മന:പൂർവ്വം ക്രൂശിക്കുന്ന പരിപാടി ഡിഫെൻഡറിനില്ല.

ലോകത്തു നടക്കുന്ന സകല മോശം സംഭവങ്ങളും പ്രസിദ്ധീകരിക്കാനുള്ള പത്രമാണ് ഡിഫെൻഡർ എന്നാണ് ചിലരുടെയൊക്കെ ധാരണ. മറ്റൊരു നിവർത്തിയും ഇല്ലാതെ വരുമ്പോൾ മാത്രമാണ് ഡിഫെൻഡർ മനസ്സില്ലാ മനസ്സോടെ ഇത്തരം വാർത്തകൾ പ്രസിദ്ധീകരിക്കുന്നത്. തെറ്റു ചെയ്ത വ്യക്തി മാനസാന്തരപ്പെടാൻ തയ്യാറായാൽ ദൈവം ക്ഷമിക്കും. മാനസാന്തരപ്പെട്ട പാപിയോട് ഡിഫെൻഡറും ക്ഷമിക്കും. മാനസാന്തരപ്പെടാൻ മനസ്സുകാണിച്ചാൽ ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, സുരേഷ് ബാബു തുടങ്ങിയവരോടു പോലും ക്ഷമിക്കാൻ ഡിഫെൻഡർ തയ്യാറാണ്. പക്ഷേ തെറ്റ് ചെയ്തു എന്നുപോലും സമ്മതിക്കാൻ ഈ നേതാക്കൻമാർ തയ്യാറല്ല. അതുകൊണ്ട് മാനസാന്തരം എന്നൊരു സംഭവത്തേക്കുറിച്ച് പറയേണ്ട ആവശ്യം വരുന്നില്ല.

പി.എ.വി. സാമിന്റെ മകൻ ദുർന്നടപ്പുകേസ്സിൽ പിടിക്കപ്പെട്ടു എന്നു വാർത്ത പ്രചരിച്ച കാലത്ത് ഈ വാർത്ത ഡിഫെൻഡറിൽ വരും എന്ന് മിക്കവരും പ്രതീക്ഷിച്ചു. അതു കാണാതായപ്പോൾ ഡിഫെൻഡറിനു നേരേ ആരോപണങ്ങളുമായി പലരും രംഗത്തുവന്നു. എന്തുകൊണ്ട് ഈ വാർത്ത ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചില്ല എന്ന് ചോദിച്ചാൽ വിശദമായ മറുപടി ഡിഫെൻഡർ നൽകുമായിരുന്നു. പക്ഷേ, അതിനു മുതിരാതെ ആരോപണം ഉന്നയിക്കാനാണ് അവർ തയ്യാറായത്.

പി.എ.വി. സാമിന്റെ മകനുമായി ബന്ധപ്പെട്ട് ചില സംഭവങ്ങളൊക്കെ ഉണ്ടായി എന്നത് ശരിതന്നെ. പക്ഷേ, യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്ന് ഡിഫെൻഡറിന് ഇന്നും സംശയമുണ്ട്. ആ സംഭവത്തിൽ ആരാണ് കുറ്റക്കാർ എന്നും വ്യക്തമല്ല. കേട്ടുകേഴ്വികളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലുമൊക്കെ എഴുതിവിടാനാവില്ലല്ലോ.

അവിടെയും ഇവിടെയും നടക്കുന്ന കാര്യങ്ങൾ ഡിഫെൻഡറിനെ എഴുതി അറിയിക്കുന്നവരുണ്ട്. ആരാണ് കത്തയച്ചതെന്ന് പറയുകയില്ല. കത്തിൽ എഴുതിയിരിക്കുന്ന സംഭവങ്ങൾ എത്രത്തോളം സത്യമാണ് എന്ന് അന്വേഷിക്കാൻ ഇതുമൂലം കഴിയുകയില്ല. അതുകൊണ്ട് ഊമക്കത്തയക്കുന്നവർ ശ്രദ്ധിക്കുക: നിങ്ങളുടെ കത്തിൽ എഴുതുന്ന വിഷയങ്ങൾ സത്യമായാൽ പോലും അത് ഡിഫെൻഡറിലൂടെ വെളിച്ചം കാണുകയില്ല. ഊമക്കത്ത് ചവറ്റുകൊട്ടയിലേക്ക് പോകും.

പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ മാത്രമേ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കൂ. പ്രസിദ്ധീകരിക്കുന്ന വിഷയങ്ങൾ സത്യമാണോ എന്ന് അന്വേഷിച്ചശേഷമേ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കൂ. എത്ര അന്വേഷണം നടത്തിയാലും ചിലപ്പോൾ അബദ്ധങ്ങൾ പറ്റിയെന്നു വരാം. അങ്ങനെ സംഭവിച്ചാൽ ഡിഫെൻഡർ തെറ്റു തിരുത്തും. സംശയം വേണ്ട. പക്ഷേ, ഡിഫെൻഡറിന് തെറ്റിയതെവിടെയാണെന്ന് വിശദമായി അറിയിക്കണം. ആരാണ് അറിയിക്കുന്നതെന്നും അറിയിക്കണം. കൂടുതൽ വിശദീകരണം ആവശ്യമാണെങ്കിൽ തിരികെ വിളിക്കാൻ ഫോൺ നമ്പറും അറിയിക്കണം.

വീണ്ടും പറയട്ടെ: ഊഹാപോഹങ്ങൾ പ്രസിദ്ധീകരിക്കുന്ന പരിപാടി ഡിഫെൻഡറിനില്ല. ഊമക്കത്തുകൾക്ക് ഒരു പരിഗണനയും ലഭിക്കയുമില്ല.

# മൂക്കോളം മുങ്ങിയാൽ എന്തും ചെയ്യാം: പി.ജി.ജേക്കബ്ബ്

മൂക്കോളം മുങ്ങിയാൽ പെന്തക്കോസ്ത് നേതാക്കൻമാർക്ക് എന്തും ചെയ്യാം. ഇങ്ങനെ പറയുന്നത് ശാരോന്റെ മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറിയായ പി.ജി.ജേക്കബ്ബാണ്. എന്തിനാണ് മൂന്നാം വട്ടവും കള്ള കാവിയറ്റ് കൊടുത്തത് എന്ന് അന്വേഷിച്ചപ്പോഴാണ് പി.ജി.ജേക്കബ് ഇങ്ങനെ പറഞ്ഞത്.

ഭോഷ്ക്കു പറയുന്നവൻ പിശാചിന്റെ മകൻ എന്ന് ബൈബിൾ പറയുന്നു. അതുകൊണ്ട് ശാരോൻ നേതാക്കൻമാർ ഭോഷ്ക്ക് പറയാറില്ല. കോടതിയിൽ ഭോഷ്ക്ക് എഴുതി കൊടുക്കുന്നവൻ പിശാചിന്റെ മകൻ എന്ന് ബൈബിളിൽ ഇല്ല. അതുകൊണ്ട് ശുദ്ധ ഭോഷ്ക്ക് കോടതിയിൽ എഴുതി കൊടുക്കുന്നത് പാപമല്ല. ഇതാണ് ശാരോൻ നേതൃത്വത്തിന്റെ നിലപാട്.

മൂക്കോളം മുങ്ങിയാൽ പിന്നെ ഏതു തരത്തിലുള്ള പിതൃശൂന്യതയും ആകാം. ദൈവവചനത്തിന് പിന്നെ സ്ഥാനമില്ല. എങ്ങനെയെങ്കിലും തടി രക്ഷിക്കുക എന്നതു മാത്രമാണ് ലക്ഷ്യം. എങ്ങനെയാണ് ശാരോൻ നേതാക്കൻമാർ മുങ്ങിയത്? ടി.എസ്.ബാലൻ രണ്ട് ആവശ്യങ്ങൾ മുൻപോട്ടു വെച്ചു. 1. ശാരോന്റെ പ്രാദേശിക സഭകളിലെ അംഗങ്ങളെല്ലാം ശാരോന്റെ അംഗങ്ങളാണെന്ന വസ്തുത അംഗീകരിക്കണം. (ഐ.പി.സിയിലും മറ്റും അങ്ങനെയാണല്ലോ). 2. ശാരോൻ നേതാക്കൻമാർ തട്ടിയെടുത്ത പണം ശാരോന് മടക്കി നൽകണം. ഇതു രണ്ടും ചെയ്യാൻ ശാരോൻ നേതാക്കൻമാർ തയ്യാറായില്ല. രണ്ട് ആവശ്യങ്ങളും നേടിയെടുക്കാതെ പിൻവാങ്ങില്ല എന്ന് ടി.എസ്.ബാലനും പ്രഖ്യാപിച്ചു. അതോടെ ശാരോൻ നേതാക്കൻമാർ മുങ്ങിത്താഴാൻ തുടങ്ങി. (ഇവനൊക്കെ താഴണം. താണില്ലെങ്കിൽ താഴ്ത്തണം)

# വിവാഹം നിയമപരമായിരിക്കണം

ഐ.പി.സിയിലെ ഒരു പാസ്റ്ററുടെ മകൻ തമിഴ്നാട്ടിൽ നേഴ്സിംഗ് പഠിക്കാൻ പോയെന്നും അവിടെവെച്ച് പരിചയപ്പെട്ട ഒരു ഹിന്ദു പെൺകുട്ടിയെ രജിസ്റ്റർ വിവാഹം കഴിച്ചെന്നും അറിയാൻ കഴിഞ്ഞു. സംഭവത്തിന്റെ വിശദാംശങ്ങൾ അറിഞ്ഞുകൂടാത്തതുകൊണ്ട് പേരും വിലാസവും വെളിപ്പെടുത്തുന്നില്ല.

വിശ്വാസികൾ അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടരുത് എന്ന് ദൈവവചനം പറയുന്നു. അവിശ്വാസികളെ വിവാഹം കഴിക്കുന്നത് ഇണയില്ലാപ്പിണയാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. അത് ഒഴിവാക്കേണ്ടതായിരുന്നു. എന്നാൽ ഇനി അതൊക്കെ പറഞ്ഞിട്ട് കാര്യമില്ലല്ലോ. അതുകൊണ്ട് തുടർന്നുള്ള കാര്യങ്ങൾ ചിന്തിക്കാം.

രജിസ്റ്റർ വിവാഹം എന്ന പേരിൽ വിവാഹ കരാർ ഒപ്പിടുന്നത് നിയമസാധുതയുള്ള വിവാഹമല്ല. ഇങ്ങനെ വിവാഹം കഴിച്ചവരെ ഭാര്യാഭർത്താക്കൻമാരായി കണക്കാക്കാനും പറ്റില്ല. അതുകൊണ്ട് നിയമപ്രകാരമുള്ള വിവാഹം നടക്കണം. സ്പെഷ്യൽ മാര്യേജ് ആക്ട് ആണ് ഈ വിഷയത്തിൽ സ്വീകാര്യം.

രജിസ്ട്രാർ ഓഫീസിൽ നിയമാനുസൃതം അപേക്ഷ കൊടുക്കുകയാണ് ആദ്യപടി. ആ അപേക്ഷ 30 ദിവസം നോട്ടീസ് ബോർഡിൽ ഉണ്ടാകും. അതു കഴിഞ്ഞ് വിവാഹം രജിസ്റ്റർ ചെയ്യാം. വിവാഹ സർട്ടിഫിക്കറ്റും ലഭിക്കും. ഇതാണ് നിയമാനുസൃതമുള്ള വിവാഹം.

വിവാഹം കഴിച്ച മകന്റെ അപ്പനായ പാസ്റ്റർ ശ്രദ്ധിക്കുക: വിവാഹം കഴിഞ്ഞ് ഭർത്താവിനോടൊപ്പം കഴിഞ്ഞിരുന്ന മകളെ ബലമായി പിടിച്ചുകൊണ്ടുവന്ന്, വിവാഹമോചനംപോലും നടത്താതെ മറ്റൊരാൾക്ക് ടി.എസ്.ഏബ്രഹാം വിവാഹം കഴിച്ചു കൊടുത്തതു പോലെ ചെയ്യരുത്. മകനേയും ഭാര്യയേയും ഇനി വേർപിരിക്കരുത്.

## ശാരോൻ നേതാക്കൻമാർ പെരുമ്പാവൂർ മുനിസിഫ് കോടതിയിൽ കൊടുത്ത കാവിയറ്റിന്റെ പ്രസക്ത ഭാഗങ്ങൾ

**BEFORE THE HONOURABLE MUNSIFF'S COURT, PERUMBAVOOR**
**O.P. (CAVEAT) No. 72/2005**

**Caveators** :

1. Sharon Fellowship Church, Thiruvalla, represented by its president pastor T.G. Koshy.
2. T.P. Abraham, Secretary, Minister's Council, Sharon Fellowship Church, Thiruvalla.
3. C.V. John, Secretary, Sharon Fellowship, Church, Thiruvalla.
4. P.G. Jacob, Managing Council Secretary, Sharon Fellowship Church, Thiruvalla.

**Respondents** :

1. T.T. Kuiriakose, aged 62 years, S/o. Thomas, Thaiparambil house, Kombanad P.O., Perumbavoor.
2. T.T. Joseph, aged 67 years, S/o. Thomas, Thaiparambil house, Panamkuzhi, Kombanad, Perumbavoor, Ernakulam District.

**CAVEAT FILED UNDER SECTION 148 A AND ORDER 44 OF THE CODE OF CIVIL PROCEDURE**

The caveator's respectfully submit as follows:

The Sharon Fellowship Church, is a society registered under the Travancore Cochin Literary, Scientific and Charitable Societies Act, Act XXII of 1955. The First petitioner is the president of the Sharon Fellowship Church, petitioners 2 to 4 are the office bearers of the society. The petitioners are the persons competent to represent the Sharon church in all legal matters. The Head Office of the Sharon Fellowship Church is situating in Thruvalla, The Sharon Fellowship Church is having more than 700 local churches, within the state and outside. Each local church is a congregation of believers. Each local church is under the management of pastor, who is appointed by the Minister's Council of the Sharon Fellowship is conducting a General Assembly. This year's General Assembly of the Sharon Fellowship Church, is scheduled to be held on 15th August, 2005 at Sharon Hall, Thiruvalla.

The General Body Meeting of the Sharon Fellowship Church at Sharon Hall on 16th August, 2005 and such other important meetings of the church in accordance with the constitution of the church. The respondents due to their ill feelings against the church is attempting to obstruct the above said convention and the peaceful functioning of the church.

It is now learned that the respondents are attempting to file false and frivolous case against the Sharon Fellowship Church and the petitioners and to obtain any interim orders adversely affecting peaceful functioning of the Sharon Fellowship Church. The caveator's are entitled to appear in the said suit or other proceedings and to oppose the same and all the interlocutory applications that may be filed in such case. If the respondents obtain any exparte order in any interlocutory application that may be filed in such suit or proceedings without notice to and behind the back of the caveator or anybody under them, the caveato's will be put to irreparable loss and injury. The caveator's are get notice before an interim orders passed in any interlocutory application that may be filed. Hence this caveat is lodged.

If the expected parties or anybody under them file any other proceedings against the caveator's or the Sharon Fellowship Church, Thiruvalla, no interim orders shall be passed without issuing notice to the petitioners. Let nothing be done in the above matter without notice to the caveator.

The caveator's named above undertakes to serve notice forthwith of the caveat by registered post with acknowledgment due to the respondents.

A court fee of Rs.50/- is paid under schedule 1`1 Article 18 of the Kerala Court Fees and Suit Valuation Act.

Dated this the 11th day of August, 2005

## കാർട്ടൂൺ

പ്രകാശ് വട്ടക്കാട്ടുപടി



ABC PLACEMENTS

വിവിധ ജോലിക്കാരെ വേണ്ടവരും
വിവിധ ജോലി വേണ്ടവരും
ബന്ധപ്പെടുക

ABC PLACEMENTS
JYOTHI ROAD,
PERUMBAVOOR.

Ph: 0484-3022186, Mob: 93492 74835

# ഇതാ വരുന്നൂ കെ. സി. ചാനൽ

നാളെയാണ്, നാളെ എന്ന് ലോട്ടറിക്കാരൻ പറയുന്നതുപോലെയാണ് കെ.സി.ജോണിന്റെ ചാനൽ. ഇതാ വരുന്നൂ എന്ന് പറയാൻ തുടങ്ങിയിട്ട് വർഷം ഒന്നരയായി. പക്ഷേ, ചാനലിന്റെ പൊടിപോലും കാണാനില്ല.

ചാനലിന്റെ പേരു പറഞ്ഞ് ലോകമെമ്പാടും ഓടി നടന്ന് പിരിവ് നടത്തി. അങ്ങനെ കോടികൾ സമ്പാദിച്ചു. 23 ലക്ഷം രൂപ വിനായകന് കൊടുത്ത് മകന് എം.ബി.ബി.എസ്. സീറ്റ് തരപ്പെടുത്തി. പണം ഇങ്ങനെ ധൂർത്തടിച്ചതോടെ ചാനൽ തുടങ്ങാൻ പണമില്ലാതായി. സർക്കാരിന്റെ അനുവാദം കിട്ടിയില്ല എന്നൊക്കെ പറഞ്ഞ് സമയം തള്ളിനീക്കി. അങ്ങനെ ഇത്രയും കാലം കഴിഞ്ഞു. ഇനി ജനങ്ങളെ കബളിപ്പിക്കാനാവില്ല എന്ന സ്ഥിതിയായി.

എന്താണ് പോംവഴി? കെ.സി.ജോൺ തല പുകഞ്ഞ് ആലോചിച്ചു. ഒടുവിൽ ഒരു പോംവഴി കണ്ടുപിടിച്ചു. പണമുള്ള ചിലരെ ചാക്കിൽ കയറ്റുക. അവരോട് പണം വാങ്ങി ചാനൽ തുടങ്ങുക. ആ പദ്ധതി കെ.സി.ജോൺ നടപ്പിലാക്കി. പണമുള്ള ചിലരെ പറഞ്ഞ് മയക്കി വൻതുക മുതൽ മുടക്കിച്ചു. ആ പണം ഒരുപ്പോക്കു പോകുകയാണ് എന്ന വസ്തുത അറിയാതെ അവർ പണം കൊടുത്തു. ഈ പണം ഉപയോഗിച്ച് ഉടൻ ചാനൽ തുടങ്ങാനാണ് കെ.സിയുടെ പദ്ധതി.

# റാന്നി ക്രൂസേഡ് പൊടിപൂരമാകും

ക്രൂസേഡ് വീരനായ ബാബു ജോർജ് റാന്നിയിൽ ക്രൂസേഡ് നടത്തും. സുവിശേഷം കടന്നു ചെന്നിട്ടില്ലാത്ത സ്ഥലം എന്ന നിലയ്ക്കാണ് റാന്നി തെരഞ്ഞെടുത്തത്. ആഗസ്റ്റ് 19, 20, 21 തീയതികളിലാണ് കുരിശുയുദ്ധം നടക്കുന്നത്.

അത്ഭുതങ്ങൾ, രോഗസൗഖ്യം, കൂട്ടായ്മയുടെ സന്തോഷം, പരിശുദ്ധാത്മാവിന്റെ നവ്യ പകർച്ച തുടങ്ങിയവയാണ് ബാബു ജോർജ് ഈ സമ്മേളനത്തിൽ വാഗ്ദാനം ചെയ്യുന്നത്. ഇതൊക്കെ നടത്താനുള്ള കഴിവ് ബാബു ജോർജിനുണ്ട്. അഥവാ, നടന്നില്ലെങ്കിൽ നടന്നെന്ന് പ്രചരിപ്പിക്കാനും ബാബു ജോർജ് വിരുതനാണ്.

ഇത്തവണ നുണയൊന്നും പറയാതെതന്നെ ബാബു ജോർജിന് തടിതപ്പാൻ കഴിയും. കാരണം, 19, 20 തീയതികളിൽ ലൈഫ് ചെയിഞ്ചിംഗ് സെമിനാർ എന്നൊരു കലാപരിപാടി സംഘടിപ്പിക്കുന്നുണ്ട്. രണ്ടുംകെട്ട പി.എസ്.ഫിലിപ്പ്, വ്യഭിചാരത്തിന്റെ അപ്പൊസ്തലനായ കെ.സി.ജോൺ, ദ്രവ്യാഗ്രഹത്തിന്റെ മൂർത്തിമത്ഭാവമായ എം.കുഞ്ഞപ്പി എന്നിവരാണ് പ്രസംഗകർ. ഇതിൽ പങ്കെടുക്കുന്നവരുടെ ലൈഫ് തീർച്ചയായും ചേഞ്ച് ആകും. അത്ഭുതഗർഭം, ചില രോഗത്തിനൊക്കെ സൗഖ്യം, വിവിധതരം ആത്മാക്കളുടെ പകർച്ച തുടങ്ങി പല അത്ഭുത സംഭവങ്ങളും പ്രതീക്ഷിക്കാം.

# ശതാബ്ദി സമ്മേളനത്തിന് ആളില്ലാതെപോകില്ല

പെന്തക്കോസ്ത് ശതാബ്ദിയെന്ന പേരിൽ തിരുവല്ലയിൽ നടക്കാൻ പോകുന്ന മാമാങ്കത്തിന്റെ ഭാരവാഹിപ്പട്ടിക കണ്ടു. വളരെ ബോധിച്ചു. ഏതായാലും സമ്മേളനത്തിന് ആളില്ലാതെ പോകില്ല എന്ന് തീർച്ച. ഇതിലും വലിയ ഒരു ഭാരവാഹിപ്പട്ടിക അടുത്ത കാലത്തു കണ്ടത് കെ.പി.സി.സി.യുടേതു മാത്രമാണ്. ഈ ലിസ്റ്റ് കണ്ടപ്പോൾ ഒരു സംശയം: കുറഞ്ഞപക്ഷം ഒരു തിരിച്ചറിയൽ പരേഡ് എങ്കിലും നടത്താതെ ഭാരവാഹികളെ എങ്ങനെ തിരിച്ചറിയും?

സമ്മേളനത്തിൽ പത്തുലക്ഷം ആളുകൾ പങ്കെടുക്കുമെന്നാണ് ഭാരവാഹികൾ അവകാശപ്പെടുന്നത്. അത് സംഭവിച്ചേക്കാം. അല്പം ശ്രദ്ധിച്ച് എണ്ണിയാൽ മതി. എങ്ങനെയെന്ന് പറഞ്ഞുതരാം. സംഗതി അത്യുഗ്രൻ രഹസ്യമായതിനാൽ ആരും അറിയരുത്.

ഏകദേശം അൻപതിനായിരം ആളുകൾ തീർച്ചയായും പങ്കെടുക്കും. അവരെ രാവിലേയും ഉച്ചയ്ക്കും വൈകിട്ടും എണ്ണുക. അങ്ങനെ ഒരു ദിവസം ഒന്നരലക്ഷം ഒപ്പിക്കാം. ആറു ദിവസം ആകുമ്പോൾ ഇത് ഒൻപതു ലക്ഷമാകും. മോഡറേഷൻ വകയിൽ ഒരുലക്ഷം കൊടുക്കുക. അങ്ങനെ കൃത്യം പത്തുലക്ഷം തികയ്ക്കാം.


## വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ

ഫോൺ: 9447149309. സമയം: 9 AM to 9 PM.

ഞായറാഴ്ചയും പ്രവർത്തിക്കും


# നാണമില്ലെങ്കിൽ ജീവകാരുണ്യവുമാകാം

പെന്തക്കോസ്തുകാർ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്ന് ഒരു പരാതി നിലവിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതില്ല. കാരണം, പെന്തക്കോസ്തുകാരിൽ നിന്ന് ജീവകാരുണ്യം കരകവിഞ്ഞ് ഒഴുകുകയാണ്. വിദ്യാഭ്യാസ സഹായം, ഭവനനിർമ്മാണ സഹായം, വിവാഹ സഹായം, സുനാമി സഹായം, ഭൂകമ്പ ദുരിതാശ്വാസം തുടങ്ങി വിവിധ തരത്തിലുള്ള പരിപാടികൾ പെന്തക്കോസ്തുകാർ വളരെ ആഘോഷമായി നടത്തുന്നുണ്ട്. സംഘാടകർ ഷൈൻ ചെയ്യുന്നുമുണ്ട്.

പക്ഷേ, ഒരു ചിന്ന കുഴപ്പം. 100 രൂപ വീതം പത്തു കുട്ടികൾക്ക് ആകെ ആയിരം രൂപ വിതരണം ചെയ്യണമെങ്കിൽ അയ്യായിരം രൂപയെങ്കിലും മറ്റു വിധത്തിൽ ചെലവാകും. അത്യുഗ്രൻ സമ്മേളനം നടത്തും. ഇമ്മിണി മുഴുത്ത ഏതെങ്കിലും പാസ്റ്ററായിരിക്കും സഹായ വിതരണം നടത്തുന്നത്. അങ്ങേർക്ക് നല്ല ഒരു തുക കൈമടക്ക് കൊടുക്കണം. ഇതിന്റെയൊക്കെ ഫോട്ടോ എടുത്ത് പത്രമായ പത്രമെല്ലാം കൊടുക്കണം. മീറ്റിംഗിന്റെ അവിഭാജ്യ ഘടകമാണല്ലോ ഈറ്റിംഗ്. പക്ഷിമൃഗാദികളെ ഉൾപ്പെടുത്തി നടത്തുന്ന ഈ കലാപരിപാടിക്കും നല്ലൊരു തുക ചെലവാകും. അങ്ങനെ കാരുണ്യം വകയിൽ മൊത്തം ചെലവ് അയ്യായിരമോ പതിനായിരമോ ആകും. പാവപ്പെട്ടവന് കിട്ടിയത് 1000 രൂപ മാത്രം.





## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3950734, 9447414608

# FAITH ACCORDING TO K.E.ABRAHAM Vs. VALSON ABRAHAM

(Source: www.ipcgeneralcouncil.org, www.icalosangeles.com)

It is said that The Indian Pentecostal Church of God (IPC) was founded by Pastor K.E.Abraham. It is, of course, a matter of debate, but it is a fact that his grand son Valson Abraham no longer hold his grand father's faith.

Find below the faith of the IPC and the faith of Valson Abraham, as published in the internet. As you may note, Valson Abraham is silent on most of the fundamental doctrines of the IPC (ie; of hid grand father).





**1. The Holy Bible:**
This church accepts the sacred words of the 66 Books of the Bible as the inspired, revelation of God, as the sheet anchor of Faith and Eternal Hope, and as the basic creed of the church and the only standard of life for the believer.

**Valson:**
**W**e believe the Bible to be the only infallible, authoritative Word of God.

**2. God:**

That the Eternal, True and Holy Trinity is one God existing in three personalities-Father, Son and Holy Spirit.

**Valson:**

**W**e believe there is one God, eternally existent in three Persons-Father, Son and Holy Spirit. **W**e believe in the deity of the Lord Jesus Christ, in His virgin birth, in His sinless life, in His miracles, in His vicarious atoning death through His shed blood, in His bodily resurrection, in His ascension to the right hand of the Father, and in His visible personal return in power and glory.

**3. Man:**

That the creation of man was in the likeness of God, that he had a great fall when he transgressed God's commandment and that only Christ the Son of God can restore the Fallen Man to his Pristine glory

**Valson:**

**W**e believe that for the salvation of lost and sinful man, that regeneration by the Holy Spirit is absolutely essential.

**4. Repentance:** That the fallen man should approach God with true repentance for sins and faith in the atoning death of Jesus Christ.

**5**. **Justification:** That the man is justified by faith and that guilt is pardoned by the Blood of Christ.

**6. Regeneration:** That the man is born of God through the Holy Spirit and the Word of God.

**7. Water Baptism:** In order to become one in Christ a believer should be baptized in the name of the Father, Son and Holy Spirit by immersion in water and thus become part-takers of the burial and resurrection of Christ.

**Valson:**

**W**e believe that Christ commanded the Church to go into all the world and preach the gospel to every creature, baptizing those who believe in the name of the Father, Son and the Holy Spirit and teaching them.

**8. Separation:** That a believer should be separated from sin, sinners, false doctrines and all kinds of worship contrary to the 'Bible.

**Valson:**

**W**e believe in the spiritual unity of believers in our Lord Jesus Christ.

**9. Lord's Supper:** That the Lord's Supper is to be celebrated regularly till He comes, to commemorate the death of Christ.

**10. Baptism in the Holy Spirit:** That the believer should be filled with the Holy Spirit: That the initial sign of speaking in tongues follows the Baptism of the Holy Spirit and that this speaking in tongues though the same in essence is different in its use and operation from that of the gift of tongues

**11. Divine Healing:** Since temporal healing is included in the Sacrifice on the cross by Christ for atonement of sins, a believer should take it as a right and privilege to get bodily healing by prayer and faith.

**12. Santification:** That the believer is sanctified by the Blood of Jesus, by the Word of God and by the Holy Spirit.

**13. The Church:** That the church is the congregation of believers; its faith and experience should confirm to and stand steadfast in the teaching of the apostles in the New Testament.

**14. The Ministry:** That the ministers of the church such as apostles, Prophets, Pastors, Teachers, Evangelists and Deacons, must be those who are called by the Holy Spirit, bestowed with gifts according to their different calling.

**Valson:**

**W**e believe in the present ministry of the Holy Spirit by whose indwelling and filling the Christian is enabled to live an empowered life of fruitfulness according to God's calling.

**15. Ordination:** For those who are specially set apart for ministry of the church, ordination should be by the laying on of hands as in the New Testament.

**16. Evangelization:** Evangelization is the supreme duty and privilege of the church.

**17. Second Coming of Christ:** Jesus is coming soon in the air and that the Bride will be caught up when Jesus comes.

**18. Great Tribulation:** That there is to be a great tribulation on the earth when Anti-Christ will be in his power soon after the coming of Christ in the air, and the Rapture of the Bride.

**19. The millennium:** That at the end of the tribulation Jesus will come to the earth in all His glory with His saints and establish His own kingdom of Righteousness for a thousand years.

**20. The Great Judgment:** That after the Millennium Satan and his hosts will be cast for ever into the lake of fire and there will be judgment before the Great White Throne for all the wicked who also will meet the same punishment.

**Valson:**

**W**e believe in the resurrection of both the saved and the lost, they that are saved unto the resurrection of life, and they that are lost unto the resurrection of damnation.

**21. New Heaven and New Earth:** That at the time of the great judgment this present earth and heaven shall be burned up with fire and a New Heaven and a New Earth shall appear.

**22. Feet- washing and dedication of children are acceptable.**

Any member whose life and teaching do not correspond to the doctrines enumerated above and also the other teachings in the Holy Bible shall be excommunicated from the church.

